# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 നവംബർ 3, വ്യാഴം

**നമ്പർ 37**

രാവിലെ 8.3-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

(1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ദാസൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സ്വകാര്യവത്കരിക്കാനുള്ളതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ സംസ്ഥാന സർക്കാർ ഇടപെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. പി. സജീന്ദ്രൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

സഭയിലെ വൈദ്യുതി സംവിധാനത്തിലെ സാങ്കേതിക തകരാറ് പരിഹരിക്കുന്നതിനായി സഭ നിർത്തി വച്ചു.

രാവിലെ 10.24 -ന് വീണ്ടും സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ തുടർന്നു.

53/2017(i).

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ അംഗങ്ങൾ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ശിരുവാണി അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനാനുമതി സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | മലമ്പുഴ വൃഷ്ടി പ്രദേശത്തെ പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എം. മാണി | കരിഞ്ഞി കോട്ടമല പാറമട യുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. ജോയി | ശിവഗിരി തീർത്ഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. പി. സി. ജോർജ് | മൂഴിക്കൽ ആദിവാസി കോളനിയിൽ ത്വക്ക് രോഗം പടരുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | കണ്ണോത്ത്, കാരമുക്ക് കുടിവെള്ള പദ്ധതി സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീമതി ഗീതാ ഗോപി | ചെറുവത്തേരിയിൽ സ്വർണ്ണാഭരണ നിർമ്മാണശാലയിൽ നിന്നുള്ള രാസമാലിന്യങ്ങൾ കിണറുകളിൽ കലരുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. ജോൺ ഫെർണാണ്ടസ് | തൊഴിൽ നിയമങ്ങൾ അശാസ്ത്രീയമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. ഷംസുദ്ദീൻ | നിയമസർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തു വച്ചു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 657-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. സബ്ജക്ട് കമ്മിറ്റി-III-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

2. സബ്ജക്ട് കമ്മിറ്റി-III-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. സബ്ജക്ട് കമ്മിറ്റി-VI-ന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

4. സബ്ജക്ട് കമ്മിറ്റി-X-ന്റെ 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

5. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

ചട്ടങ്ങൾക്കുള്ള ഭേദഗതി :

2016 ഫെബ്രുവരി 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 24/2016/തൊഴിൽ (എസ്.ആർ.ഒ.നമ്പർ 134/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ പദ്ധതി ചട്ടങ്ങൾക്ക് ശ്രീ. ഹൈബി ഈഡൻ 1, 3, 5, 6, 8, 10, 11 എന്നീ ഭേദഗതികളും ശ്രീ. എം. ഉമ്മർ 2, 4, 9 എന്നീ ഭേദഗതികളും അവതരിപ്പിച്ചു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി പറഞ്ഞു. അവതരിപ്പിച്ച ഭേദഗതികളിൽ താഴെപ്പറയുന്ന 3, 4, 6 എന്നീ ഭേദഗതികൾ അംഗീകരിച്ചു.

ഖണ്ഡിക 2 (ജെ)യിൽ "21-ാം ഖണ്ഡിക" എന്നത് "6-ാം ഖണ്ഡിക" എന്ന് ഭേദഗതി ചെയ്യുക.

ഖണ്ഡിക 2 (കെ)യിൽ "8" എന്ന അക്കത്തിന് പകരം "9" എന്ന അക്കം ചേർക്കുക.

ഖണ്ഡിക 11 (2)-ൽ "പദ്ധതിയുടെ 7-ാം ഖണ്ഡിക അനുശാസിക്കുന്ന" എന്നത് "പദ്ധതിയുടെ 8-ാം ഖണ്ഡിക അനുശാസിക്കുന്നത്" എന്ന് ഭേദഗതി ചെയ്യുക.

ഭേദഗതി 9 വോട്ടിനിട്ട് തള്ളി. ഭേദഗതികൾ 1, 2, 8, 10, 11 എന്നിവ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നിയമനിർമ്മാണകാര്യം :

1. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലും, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം

ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. കൃഷ്ണൻ പ്രമതലപ്പെടുത്തിയതനുസരിച്ച്, ശ്രീ. എ. എൻ. ഷംസീറും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. വിൻസെന്റും അവതരിപ്പിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയച്ചു.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2016-ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലും, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. കുഞ്ഞിരാമൻ പ്രമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ നായരും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. അനിൽ അക്കരയും അവതരിപ്പിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കുംശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയച്ചു.

3. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രമതലപ്പെടുത്തിയതനുസരിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫസർ സി. രവീന്ദ്രനാഥ് 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ സംസാരിച്ചു:

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. പി. ബി.അബ്ദുൽ റസ്സാക്ക്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. പി. സി. ജോർജ്ജ്

ശ്രീ. സി. എഫ്. തോമസ്

മറുപടിക്കുശേഷം ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രമതലപ്പെടുത്തിയതനുസരിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

<u>ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം:</u>

ശ്രീ. ടി. എ. അഹമ്മദ് കബീർ ചട്ടം 130 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചു.

"റെയിൽ പാളങ്ങളുടെ പഴക്കം, തകരാറിലായ ബോഗികളുടെ ആധിക്യം, അറ്റകുറ്റപ്പണികളുടെ അപര്യാപ്തത, പരിഹാരമില്ലാതെ തുടരുന്ന സുരക്ഷാപ്രശ്നങ്ങൾ, ജീവനക്കാരുടെ കുറവ് തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന ട്രെയിൻ അപകടങ്ങൾ മൂലമുണ്ടായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. വി. ടി. ബൽറാം

ശ്രീ. ഇ. കെ. വിജയൻ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. സി. കെ.നാണു

ശ്രീ. പി.സി. ജോർജ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. എം. സ്വരാജ്

ശ്രീ. റോജി. എം. ജോൺ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി ശ്രീ. ജി. സുധാകരൻ മറുപടി പറയുകയും അതിന് ശേഷം ചട്ടം 275 അനുസരിച്ച് താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുകയും ചെയ്തു.

ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തണമെന്നും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണമെന്നും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി ഇടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികളും നടപ്പിലാക്കണമെന്നും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോട് കൂടി നവീകരിക്കണമെന്നും നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോടോയ്‌ലെറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തണമെന്നും നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നും ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക അകറ്റണമെന്നും മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

The substantive motion was unanimously adopted by the House.

The House adjourned at 4.54 p.m. to meet again at 8.30 a.m. on Friday November 4, 2016.

V. K. BABU PRAKASH,
*Secretary.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN— PART I

(Brief Record of Proceedings)

*Thursday, November 3, 2016*

**No.37**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Question* :

Two questions in the list of questions posted for the day were answered orally.

*Calling Attention* :

(1) Shri K. Dasan called the attention of the Minister for Food and Civil Supplies to the necessity for inclusion of all fishing communities in the priority list being prepared on the basis of National Food Security Act. The Minister made a statement thereto.

(2) Shri V. P. Sajeendran called the attention of the Chief Minister to the necessity for intervention by the State Government against the reported move of the Central Government to privatise the Central Public Undertaking Hindustan Newsprint Limited. The Chief Minister made a statement thereto.

The House was temporarily adjourned to rectify the technical fault in power supply.

The House re-assembled with Mr. Speaker in Chair at 10.24 a.m.

53/2017(ii).

*Matters raised in the House under Rule 304 :*

The matters raised by Members under Rule 304 is listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ശിരുവാണി അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനാനുമതി സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | മലമ്പുഴ വൃഷ്ടി പ്രദേശത്തെ പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എം. മാണി | കറിഞ്ഞി കോട്ടമല പാറമട യുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. ജോയി | ശിവഗിരി തീർത്ഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. പി. സി. ജോർജ് | മുഴിക്കൽ ആദിവാസി കോളനിയിൽ ത്വക്ക് രോഗം പടരുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | കണ്ണോത്ത്, കാരമുക്ക് കുടിവെള്ള പദ്ധതി സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീമതി ഗീതാ ഗോപി | ചെറുവത്തേരിയിൽ സ്വർണ്ണാഭരണ നിർമ്മാണശാലയിൽ നിന്നുള്ള രാസമാലിന്യങ്ങൾ കിണറുകളിൽ കലരുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. ജോൺ ഫെർണാണ്ടസ് | തൊഴിൽ നിയമങ്ങൾ അശാസ്ത്രീയ മായി നടപ്പിലാക്കുന്നത് സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. ഷംസുദ്ദീൻ | നിയമസർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements thereto.

*Papers laid on the Table* :

The following paper was laid on the Table:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 657-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

*Presentation of Reports* :

The follwing Reports were presented:

1. The Periodical Report of Subject Committee-III as on 31st March 2016.
2. The Report of the Subject Committee-III on the action taken on the recommendation contained in the Fifth Report on the Scrutiny of Demands for Grants for the Financial Year 2015-16.

3. The Report of the Subject Committee-VI on the action taken on the recommendations contained in the Fifth Report on the Scrutiny of Demands for Grants for the Financial Year 2015-16.

4. The Report of the Subject Committee -X on the action taken on the recommendations contained in the Fifth Report on the Scrutiny of Demands for Grants for the Financial Year 2015-16.

5. The Fourth Report of the Committee on Private Members' Bills and Resolutions.

*Amendments to Rules* :

Shri Hibi Eden moved amendments 1, 3, 5, 6, 8, 10 and 11 and Shri M. Ummer moved Amendments 2, 4 and 9 to the Kerala Unorganised Workers' Social Security Scheme 2015 issued in G.O.(P) No.24/2016/ Labour dated 2-2-2016 (S.R.O.No.134/2016). The Minister for Labour and Excise replied to the points raised during the discussion. The following amendments 3, 4 and 6 moved were accepted.

ഖണ്ഡിക 2 (ജെ)യിൽ "21-ാം ഖണ്ഡിക" എന്നത് "6-ാം ഖണ്ഡിക" എന്ന് ഭേദഗതി ചെയ്യുക.

ഖണ്ഡിക 2 (കെ)യിൽ "8" എന്ന അക്കത്തിന് പകരം "9" എന്ന അക്കം ചേർക്കുക.

ഖണ്ഡിക 11 (2)-ൽ "പദ്ധതിയുടെ 7-ാം ഖണ്ഡിക അനുശാസിക്കുന്ന" എന്നത് "പദ്ധതിയുടെ 8-ാം ഖണ്ഡിക അനുശാസിക്കുന്നത്" എന്ന് ഭേദഗതി ചെയ്യുക.

Amendment 9 was put to vote and declared lost. Amendments 1, 2, 8, 10 and 11 were withdrawn with the leave of the House.

*Legislative business* :

1. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs introduced The Kearla Advocates' Welfare Fund (Amendment) Bill, 2016 and moved that the Bill be referred to Subject Committee. Shri A. N. Shamseer as authorised by Shri C. Krishnan moved an amendment for eliciting public opinion and Shri M. Vincent moved another amendment for referring the bill to a Select Committee. After

discussion and reply by the Minister the amendments moved were withdrwan by the leave of the House. The bill was then referred to Subject Committee -XIV Home Affairs.

2. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs introduced The Kerala Court Fees and Suits Valuation (Amendment) Bill, 2016 and moved that the Bill be referred to Subject Committee. Shri K. K. Ramachandran Nair, as authorised by Shri K. Kunhiraman moved an amendment to circulate the bill for eliciting public opinion and Shri Anil Akkara moved another amendment for referring the bill to a Select Committee. After discussion and reply by the Minister the amendments moved were withdrawn by the Leave of the House. The bill was then referred to Subject Committee-XIVHome Affairs.

3. Prof. C. Raveendranath, Minister for Education, as authorised by DR. T. M. Thomas Isaac, Minister for Finance and Coir, introduced the Kerala Appropriation (No. 3) Bill, 2016.

The following Members took part in the discussion:

Shri K. Kunhiraman

Shri P. B. Abdul Razak

Smt. E. S. Bijimol

Shri P. C. George

Shri C. F. Thomas

After the reply, Prof. C. Raveendranath, Minister for Education as authorised by DR. T. M.Thomas Isaac, Minister for Finance and Coir, moved that the Kerala Appropriation (No. 3) Bill, 2016 be taken up for consideration and the bill was passed without any amendments.

*Motion Under Rule 130* :

Shri T. A. Ahammed Kabeer moved the follwoing motion under Rule 130 and spoke.

"റെയിൽ പാളങ്ങളുടെ പഴക്കം, തകരാറിലായ ബോഗികളുടെ ആധിക്യം, അറ്റകുറ്റപ്പണികളുടെ അപര്യാപ്തത, പരിഹാരമില്ലാതെ തുടരുന്ന സുരക്ഷാപ്രശ്നങ്ങൾ,

ജീവനക്കാരുടെ കുറവ് തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന ട്രെയിൻ അപകടങ്ങൾ മൂലമുണ്ടായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം."

The following Members took part in the discussion:

Shri A. Pradeepkumar

Shri V. T.Balram

Shri E. K. Vijayan

DR. N. Jayaraj

Shri K. D. Prasenan

Shri C. K. Nanu

Shri P. C. George

Shri Anoop Jacob

Shri Purushan Kadalundy

Shri K. V. Abdul Khader

Shri N. Samsudheen

Shri M. Swaraj

Shri Roji M. John

Shri G. Sudhakaran, Minister for Public Works and Registration replied to the points raised in the discussion and then he moved the following substantive motion under Rule 275.

"കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഭീഷണിയായി തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും, പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോട് കൂടിയ കോച്ചുകൾ അനുവദിക്കണമെന്നും ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ

"കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഭീഷണിയായി തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും, പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ അനുവദിക്കണമെന്നും ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തണമെന്നും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണമെന്നും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികളും നടപ്പിലാക്കണമെന്നും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കണമെന്നും നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോടോയ്ലെറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തണമെന്നും നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നും ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക അകറ്റണമെന്നും മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

പ്രമേയം സഭ ഐകകണ്ഠേന പാസ്സാക്കി.

2016 നവംബർ 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 4.54-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*